മാസംതോറും വിതരണം ചെയ്യുന്നു. സംസ്ഥാന സർക്കാർ ഒരു രൂപാ സബ്സിഡി നൽകി മാസം 16 കിലോഗ്രാം അരി എല്ലാ കാർഡുടമകൾക്കും വിതരണം ചെയ്യുന്നു. മാവേലി സ്റ്റോറുകൾ വഴി നിത്യോപയോഗ സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് വിൽപ്പന നടത്തുന്നു. തെരഞ്ഞെടുക്കപ്പെട്ട രണ്ടായിരത്തിൽപ്പരം റേഷൻ കടകൾ വഴി പലവ്യഞ്ജനങ്ങളും പയറുവർഗ്ഗങ്ങളും ന്യായവിലയ്ക്ക് വിൽപ്പന നടത്തിവരുന്നു. കൂടാതെ ഉത്സവവേളകളിൽ ഫെയറുകൾ മാർക്കറ്റുകൾ എന്നിവ നടത്തിവരുന്നതിനാൽ വില നിലവാരം നിയന്ത്രിച്ചു നിർത്തുന്നതിന് സാധിച്ചിട്ടുണ്ട്. ഉത്സവവേളകളിൽ സ്കൂൾ കുട്ടികൾക്ക് വർഷത്തിൽ മൂന്നു തവണ 5 കിലോ അരി വീതം സൗജന്യമായി നൽകുന്നു.

(സി) ഡീസൽ വില വർദ്ധനവിനെത്തുടർന്ന് പൊതുവിപണിയിൽ നിത്യോപയോഗ സാധനങ്ങൾക്ക് വിലകൂടാതിരിക്കാൻ പരിശോധനാ വിഭാഗം കൂടുതൽ ശക്തവും കുറ്റമറ്റതുമാക്കി, പ്രവർത്തനം അവലോകനം ചെയ്തു വരുന്നു. കൂടുതൽ മാവേലി സ്റ്റോറുകളും തുറന്നു പ്രവർത്തിക്കുന്നുണ്ട്.

(ഡി) കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും കൃത്രിമ ക്ഷാമവും തടയുന്നതിന് സിവിൽ സപ്ലൈസ് ഉൾപ്പെടെ ഒൻപത് വകുപ്പുകൾ ഉൾപ്പെടുന്ന ജില്ലാ മോണിറ്ററിംഗ് സെല്ലുകൾ എല്ലാ ജില്ലകളിലും വ്യാപകമായ പരിശോധനകൾ നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഇ) നിത്യോപയോഗസാധനങ്ങളുടെ അന്തർ സംസ്ഥാന നീക്കം സുഗമമാക്കണമെന്ന് പ്രധാനമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഭക്ഷ്യമന്ത്രിമാരുടെ സമ്മേളനത്തിൽ കേരളം ശക്തമായി ആവശ്യപ്പെട്ടിരുന്നു. ഇത് അംഗീകരിക്കപ്പെട്ടിട്ടുണ്ട്.

മോട്ടോർ വാഹന അപകടങ്ങൾ കുറയ്ക്കുവാൻ നടപടി

15 (*15)ശ്രീ. പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന മോട്ടോർ വാഹന അപകടങ്ങൾ കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) മദ്യപിച്ച് അലക്ഷ്യമായി വണ്ടി ഓടിക്കുന്നവർക്കെതിരെയും ട്രാഫിക് നിയമങ്ങൾ പാലിക്കാതെ വാഹനങ്ങൾ ഓടിക്കുന്നവർക്കെതിരെയും ശക്തമായ നടപടി സ്വീകരിക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർക്ക് നൽകുമോ;

(സി) അപകടം സംബന്ധമായ ചികിത്സ അടിയന്തിരമായി ലഭിക്കുന്നതിന് എല്ലാ താലൂക്ക് ആശുപത്രികളിലും അടിയന്തിരമായി ആധുനിക ചികിത്സാ സംവിധാനങ്ങൾ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) റോഡപകടങ്ങൾ കുറയ്ക്കാൻ സർക്കാർ നിരവധി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി ഒരു ഉന്നതാധികാര സമിതി രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റി കാലാകാലങ്ങളിൽ യോഗം ചേർന്ന് വിവിധ വകുപ്പുകൾ കൈക്കൊള്ളേണ്ട നടപടികൾ തീരുമാനിക്കു

LIBRARY ARCHIVES Kerala Legislative Assembly

കയും ആ തീരുമാനങ്ങൾ അതാതു വകുപ്പുകൾ മുഖാന്തിരം നടപ്പിലാക്കി വരികയും ചെയ്യുന്നു.

ട്രാഫിക് സിഗ്നൽ ലൈറ്റ് സമ്പ്രദായം ഘട്ടംഘട്ടമായി നടപ്പിലാക്കി വരുന്നു. ആവശ്യമെന്നു തോന്നുന്ന റോഡുകളിൽ 'വൺവേ' സമ്പ്രദായം ഏർപ്പെടുത്തിയും ഗതാഗത നിയന്ത്രണത്തിന് ട്രാഫിക് പോലീസുകാരെ നിയോഗിച്ചും ആവശ്യം വേണ്ട സ്ഥലങ്ങളിൽ ട്രാഫിക് ഐലന്റുകൾ സ്ഥാപിച്ചും ട്രാഫിക് നിയമങ്ങൾ ലംഘിക്കുന്നവരെ കണ്ടുപിടിച്ച് നിയമാനുസൃത നടപടികൾ സ്വീകരിച്ചും വാഹനാപകടങ്ങൾ കുറയ്ക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. ഇതിനു പുറമെ വാഹനത്തിരക്കുള്ള കവലകളിലും മറ്റും ശാസ്ത്രീയമായി മീഡിയനുകൾ സ്ഥാപിച്ചും റിഫ്ളക്ടർ സ്ഥാപിച്ചും ആവശ്യമുള്ള സ്ഥലങ്ങളിൽ ബമ്പുകൾ നിർമ്മിച്ചും വളവുകളിൽ റോഡുകൾക്ക് വേണ്ടത്ര സൂപ്പർ എലിവേഷൻ കൊടുത്തും വാഹനാപകടങ്ങൾ ഉണ്ടാകാൻ സാദ്ധ്യതയുള്ള മേഖലകളെ അപകട വിമുക്തമാക്കുന്നുണ്ട്.

(ബി) മദ്യപിച്ച് വാഹനം ഓടിക്കുന്നവരെ 'ബ്രീത്ത് അനലൈസർ' ഉപയോഗിച്ച് കണ്ടുപിടിച്ച് അവർക്കെതിരെ കർശനമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ട്രാഫിക് നിയമങ്ങൾ ലംഘിക്കുന്നവരെ കണ്ടുപിടിച്ച് അവർക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായി സ്പീഡ് റഡാർ മുതലായ ശാസ്ത്രീയ ഉപകരണങ്ങൾ ഉപയോഗിച്ചുവരുന്നു.

ട്രാഫിക് നിയമങ്ങൾ ലംഘിക്കുന്നവരിൽ ഗുരുതരമായ കുറ്റങ്ങൾ ചെയ്യുന്നവരുടെ ഡ്രൈവിംഗ് ലൈസൻസ് ആർ.ടി.ഒ.യുമായി ബന്ധപ്പെട്ട് ക്യാൻസൽ ചെയ്യാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ജില്ലാ പോലീസ് അധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ദേശീയ പാതയുടെ സമീപത്തു സ്ഥിതി ചെയ്യുന്ന താലൂക്ക് ആശുപത്രികളിലും ഗവണ്മെന്റ് ആശുപത്രികളിലും പി.എച്ച്. സെന്ററുകളിലും സി.എച്ച്.സി. കളിലും അപകടം സംബന്ധമായ വിദഗ്ദ്ധ ചികിത്സ അടിയന്തിരമായി ലഭിക്കുന്നതിനുവേണ്ടി 1998-99-ൽ ട്രോമോ കെയർ യൂണിറ്റ് സ്ഥാപിക്കുന്നതിന് ബന്ധപ്പെട്ട അധികാരികൾക്ക് അനുമതി കൊടുക്കുകയും അതിന്റെ ഭാഗമായി 1998-99 സാമ്പത്തിക വർഷത്തിൽ ആലപ്പുഴ ജില്ലയിലെ കായംകുളം, ചേർത്തല, അരൂർ, തുറവൂർ, ഹരിപ്പാട് എന്നീ ആശുപത്രികളിൽ അടിയന്തിര മെഡിക്കൽ സേവനത്തിനായി അനസ്തേഷ്യ വിഷൻ (5 എണ്ണം) വെന്റിലേറ്റർ(5 എണ്ണം) ഡിഫിബ്രിലേറ്റർ (5 എണ്ണം) എന്നിവ വാങ്ങിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പാലക്കാട് ജില്ലാ ആശുപത്രി, ചാവക്കാട് താലൂക്കാശുപത്രി, എറണാകുളം, ആലുവ, പുതുക്കാട്, വെള്ളിനാട് ആലത്തൂർ ഗവണ്മെന്റ് ആശുപത്രികൾ, അങ്കമാലി പി.എച്ച്. സെന്റർ എന്നിവിടങ്ങളിൽ ട്രോമാകെയർ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും ആവശ്യമുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനും ഉത്തരവു നൽകിയിട്ടുണ്ട്.

ആധുനിക കണ്ടെയ്നർ തുറമുഖങ്ങൾ

16 (*16)ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. യു.എസ്. ശശി :

LIBRARY ARCHIVES Kerala Legislative Assembly